"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (കെ.യു.ആർ.ഡി.എഫ്.സി) - ജീവനക്കാര്യം - കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലെ (കെ.യു.ആർ.ഡി.എഫ്.സി) അസിസ്റ്റന്റ് മാനേജർ പ്രോജക്ട്സ് (ടൗൺ പ്ലാനർ) തസ്തികയിലേക്ക് പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ടൗൺപ്ലാനറായ ശ്രീമതി.ഊർമ്മിള രാജ്-നെ അന്യത്രസേവനവ്യവസ്ഥയിൽ നിയമിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ.)വകുപ്പ്

സ.ഉ.(സാധാ) നം.2342/2025/LSGD തീയതി, തിരുവനന്തപുരം, 25-09-2025

---

പരാമർശം:-

1. 30.07.2021 ലെ സ.ഉ (കൈ) നം.159/2021/തസ്വഭവ
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2025-ലെ LSGD/PD/27751/2025-IE2 നമ്പർ കത്ത്
3. സർക്കുലർ നം.42/2013/ധന. തീയതി.10.05.2013
4. സ.ഉ.(പി) നം.580/2013/ധന തീയതി. 28.11.2013

**ഉത്തരവ്**

കെ.യു.ആർ.ഡി.എഫ്.സി-ലെ അസിസ്റ്റന്റ് മാനേജർ പ്രോജക്ട്സ് (ടൗൺ പ്ലാനർ) തസ്തികയിലേക്ക് പരാമർശം (1) പ്രകാരം ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ മുഖേനയാണ് നിയമനം നടത്തേണ്ടത്. ടി തസ്തികയിലേക്ക് അന്യത്രസേവനവ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ടൗൺപ്ലാനറായ ശ്രീമതി. ഊർമ്മിള രാജ്.യു (പെൻ: 708318)-നെ പരാമർശം (2) കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നാമനിർദ്ദേശം ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ടൗൺ പ്ലാനറായ ശ്രീമതി.ഊർമ്മിളരാജ്.യു (പെൻ:708318)-നെ തിരുവനന്തപുരം, കെ.യു.ആർ.ഡി.എഫ്.സി-യിൽ അസിസ്റ്റന്റ് മാനേജർ പ്രോജക്ട്സ് (ടൗൺ പ്ലാനർ) തസ്തികയിൽ ,കെ.എസ്.ആർ. ഭാഗം-I ചട്ടം 140 (സി)-യിലെ വ്യവസ്ഥകൾക്കും, അന്യത്രസേവനം സംബന്ധിച്ച പരാമർശം (3),(4) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിനീത വി ആർ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ശ്രീമതി. ഊർമ്മിള രാജ് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി &എസ് എസ് എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (LSGD-IA2/94/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 25-09-2025 13:50:54